
2023 നവംബർ - ഡിസംബർ

# ക്രിസ്തീയ സോദരി



SPECIAL STORY

## മഹാരാജാവിന്റെ മണവാട്ടി

KRISTHEEYA Sodari

spread the fragrance!

ആറാം 6th year വർഷത്തിലേക്ക്




കവർ ചിത്രം:
പ്രസന്ന മാത്യു, ഇ.എസ് മാത്യു

ക്രിസ്തീയ
# സോദരി

**ദ്വൈമാസിക**
നവംബർ - ഡിസംബർ
2023

എഡിറ്റർ:
ലൗലി ജോർജ്

അസ്സോസിയേറ്റ് എഡിറ്റേഴ്സ്:
ഡോ. ഗ്രെയ്സ് ജോൺസൻ
ഷൈനി അഭിലാഷ്
ജിൻസി ജിമ്മി

ഉപദേശക സമിതി:
ഫേബ ജേക്കബ്
മറിയാമ്മ അലക്സാണ്ടർ

സാങ്കേതിക സഹായം:
കിന്നെരെത്ത്മീഡിയ

www.**sodari.in**


## ഉൾത്താളുകളിൽ










ദൈവവചന പഠനത്തിന്റെ അനിവാര്യത 03
അബി: സ്വാധീനകലയെ സ്വായത്തമാക്കിയവൾ 07
മഹാരാജാവിന്റെ മണവാട്ടി 09
ഗുരുഭാഷ്യം 16
കുട്ടികൾ അന്തർമുഖരാണോ? 20
You are a Satellite 22




Listen to audio version

ക്രിസ്തീയ സോദരി



ലൗലി ജോർജ്



# ദൈവവചന പഠനത്തിന്റെ അനിവാര്യത

മനുഷ്യന് ദൈവം നല്കിയ അമൂല്യമായ സമ്മാനമാണ് ദൈവവചനം. അറുപത്തിയാറ് പുസ്തകങ്ങൾ അടങ്ങിയ ബൈബിളിന്റെ കേന്ദ്രവിഷയം കർത്താവായ യേശുക്രിസ്തുവാണ്. മനുഷ്യശ്രദ്ധ ഇത്രയധികം സ്വാധിനിച്ച ദൈവവചനത്തിന്റെ എഴുത്തുകാർ, സാഹചര്യങ്ങൾ, എഴുതിയകാലം എന്നിവ വൈവിധ്യം നിറഞ്ഞതാണ് എങ്കിലും ഇതിലെ പ്രതിപാദനരീതി ഈ പുസ്തകത്തെ മറ്റെല്ലാ ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. മൃഗത്തിന് പുൽത്തകിടിപോലെയും മനുഷ്യന് വീട് പോലെയും പക്ഷിക്കു കൂടു പോലെയും മത്സ്യത്തിന് നദിപോലെയുമാണ് വിശ്വസിക്കുന്ന ആത്മാക്കൾക്ക് തിരുവചനം എന്ന് മാർട്ടിൻ ലൂഥർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

വേദപുസ്തകം ദൈവശ്വാസീയമാണ്. ദൈവം മനുഷ്യനോടു സംസാരിച്ച അരുളപ്പാടുകളും ആലോചനകളുമാണ് അതിൽ ആലേഖനം ചെയ്തിരിക്കുന്നത്. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നതും മനുഷ്യർ ദൈവാത്മനിയോഗം പ്രാപിച്ച് 1600 വർഷങ്ങൾ കൊണ്ട് നാല്പതോളം എഴുത്തുകാരാൽ എഴുതിയ ബൈബിൾ, ക്രൈസ്തവരെ മാത്രമല്ല സമൂഹത്തിലുള്ള എല്ലാവരെയും സ്വാധിനിക്കുവാൻ കഴിഞ്ഞിട്ടുള്ള സത്യവചനമാണ്. ദൈവവചനപാരായണത്തിന്റെയും പഠനത്തിന്റെയും പ്രാധാന്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവവചനപഠനത്തിന്റെ അനിവാര്യതയെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

ദൈവവചനം പഠിക്കാനുള്ളതല്ല, പ്രായോഗികമാക്കാനുള്ളതാണ് എന്ന് ചിലരെങ്കിലും പറയുന്നത് കേൾക്കാറുണ്ട്. ദൈവ വചനം പ്രായോഗികമാക്കണമെങ്കിൽ അത് കൃത്യമായി വായിക്കുകയും ക്രമീകൃതമായി പഠിക്കുകയും വേണം. അതിന് അധികം സമയം വിനിയോഗിക്കുകയും സാദ്ധ്യമായ എല്ലാ സാഹചര്യങ്ങളും ഉപയോഗപ്പെടുത്തുകയും വേണം. പ്രായഭേദമെന്യേ എല്ലാവർക്കും ദൈവവചനം വായിക്കുവാനും പഠിക്കുവാനും ഉള്ള ധാരാളം അവസരങ്ങൾ ഇന്നു നമുക്ക് മുമ്പിൽ ദൈവം തുറന്നു തന്നിട്ടുണ്ട്. എല്ലാ നന്മകളും സുഖസൗകര്യങ്ങളും ഉണ്ടായിട്ടും ജീവിതത്തിൽ

» 6

# രക്ഷാകർത്തൃത്വം: തുടർമാനമായ ഒരു പഠനയാത്ര





സുചിത്ര സ്റ്റീവൻ സാമുവേൽ

കുഞ്ഞുങ്ങളെ വളർത്തികൊണ്ടുവരുന്നതിൽ ഇന്നത്തെ മാതാക്കൾക്ക് അസാധാരണമായ ധാരാളം വെല്ലുവിളികൾ നേരിടേണ്ടിവരുന്നുണ്ട്. ഈ ആധുനിക യുഗത്തിൽ നല്ല രക്ഷാകർത്തൃത്വത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു നാം അറിഞ്ഞിരിക്കേണ്ടതുണ്ട്.

ദൈവത്തെ മാനിക്കുന്ന കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരുവാൻ ആവശ്യമായ പ്രമാണങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുന്ന ഒരു സുപ്രധാന വിഷയമായാണ് രക്ഷാകർത്തൃത്വത്തെ വിശുദ്ധവേദപുസ്തകം വെളിപ്പെടുത്തുന്നത്. ദൈവഹിതപ്രകാരം സ്നേഹം, വിശ്വാസം, ബഹുമാനം, അച്ചടക്കം, പരിപാലനം എന്നിവക്ക് ഊന്നൽ നൽകികൊണ്ട് ഉത്തരവാദിത്വത്തമുള്ളതും സ്നേഹപൂർണ്ണവുമായ രക്ഷാകർത്തൃത്വത്തിന് ബൈബിൾ ഉത്തമ അടിസ്ഥാനം പ്രധാനം ചെയ്യുന്നു. ദൈവിക ഹിതം അനുസരിച്ച് കുഞ്ഞുങ്ങളെ വളർത്തുന്നതിനു ആവശ്യമായ ജ്ഞാനം ലഭിക്കേണ്ടതിന് ദൈവത്തിങ്കലേക്കും ദൈവവചനത്തിലേക്കുമാണ് നാം തിരിയേണ്ടത്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അതു വിട്ടു മാറുകയില്ല" (സദൃശ: 22:6). ആത്മീകവും ധാർമ്മീകവുമായ മാർഗ്ഗനിർദ്ദേശങ്ങൾ കുട്ടികൾക്ക് കൊടുക്കുന്നതിൽ മാതാപിതാക്കൾക്കുള്ള

പങ്കിനെക്കുറിച്ച് ഈ വാക്യത്തിൽ പ്രതിപാദിക്കുന്നു. മനുഷ്യരെന്ന നിലയിൽ, നാം തെറ്റുകൾക്ക് അധീനരാണ്. എന്നിരുന്നാലും, ദൈവ സന്നിധിയിൽ നമുക്ക് ഏതു നേരത്തും സഹായത്തിനായി സമീപിക്കാം. അവിടുന്ന് നമ്മെ അതിശയകരമായ വഴികളിലൂടെ നയിക്കും.

നമ്മുടെ മക്കൾക്കായി പ്രാർത്ഥിക്കുകയും അവരെ വളർത്തിക്കൊണ്ടുവരുന്നതിന് ദൈവീക നടത്തിപ്പ് അന്വേഷിക്കുകയും ചെയ്യണം. കുഞ്ഞുങ്ങളുമൊത്ത് പ്രാർത്ഥിക്കാൻ സമയം ചിലവഴിക്കുക. ഒരു പരീക്ഷയ്ക്ക് പോകുന്നതിനു മുൻപോ, യാത്രയ്ക്ക് മുൻപോ, ഭക്ഷണം കഴിക്കുന്നതിനു മുൻപോ ഒരു ദിവസാരംഭത്തിലോ ഒക്കെ ആദ്യം ദൈവത്തിങ്കലേക്ക് നോക്കേണ്ടതിനുള്ള പ്രാധാന്യത്തെക്കുറിച്ച് അവരെ പഠിപ്പിക്കുക. ഇത്തരം കാര്യങ്ങൾ ലളിതമാണെന്ന് നമുക്ക് തോന്നാമെങ്കിലും വരും തലമുറയോട് ദൈവാശ്രയത്തിന്റെ പ്രാധാന്യം എന്താണെന്നു പഠിപ്പിക്കേണ്ടത്തിനു ഇത്തരം കാര്യങ്ങൾ അത്യന്താപേക്ഷിതമാണ്. പല യുവ മാതാക്കളും തങ്ങളുടെ തൊഴിലിനും രക്ഷാകർത്തൃത്വത്തിനും ഇടയിൽ കിടന്നു ഞെരുങ്ങുന്നത് കാണാറുണ്ട്. ജോലിയും കുടുംബജീവിതവും രക്ഷാകർത്തൃത്വവും തമ്മിൽ ആരോഗ്യകരമായ സമതുലിതാവസ്ഥ നിലനിർത്താൻ ശ്രമിക്കേണ്ടതുണ്ട്. കുടുംബാംഗങ്ങളുമായുള്ള ബന്ധം സുദൃഢമാക്കുവാനുള്ള സമയം കണ്ടെത്തുക. ഒരുമിച്ച് പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കുകയും സന്ദർശനങ്ങൾ നടത്തുകയും വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.

ഒരു കുട്ടിയുടെ ശാരീരിക ക്ഷമത നിലനിർത്തുക എന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. സമീകൃതവും പോഷകസമൃദ്ധവുമായ ഭക്ഷണക്രമം നൽകുക. പഞ്ചസാരയും സംസ്കരിച്ച ഭക്ഷണങ്ങളും പരിമിതപ്പെടുത്തിക്കൊണ്ട് ആരോഗ്യപരമായ ഭക്ഷണ ശീലം പ്രോത്സാഹിപ്പിക്കുക. ആരോഗ്യകരമായ ജീവിതശൈലി നിലനിർത്താൻ ക്രമമായ ശാരീരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.

ജീവിതത്തിൽ നല്ല മാതൃകകൾ ഉണ്ടാക്കുന്ന കാര്യത്തിൽ നിങ്ങളുടെ കുട്ടികളോടൊപ്പം സജീവമായിരിക്കുക. നിങ്ങളുടെ കുട്ടികൾക്ക് മതിയായ ഉറക്കം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. നിങ്ങളുടെ കുട്ടികളുടെ വൈകാരിക ക്ഷേമത്തിൽ ശ്രദ്ധാലുവായിരിക്കുക. മാനസികാരോഗ്യത്തെക്കുറിച്ച് അവരെ പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിദഗ്ദസഹായം തേടുകയും ചെയ്യുക. സ്വയരക്ഷയെക്കുറിച്ചും രക്ഷിതാക്കൾ കുട്ടികളെ പഠിപ്പിക്കണം. വ്യക്തിപരമായ ശുചിത്വവും അവരുടെ ശരീരത്തെ എങ്ങനെ പരിപാലിക്കണമെന്നും കുട്ടികളെ പഠിപ്പിക്കണം.

ഇന്നത്തെ സാങ്കേതിക യുഗത്തിൽ കുട്ടികൾ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള സമയത്തെക്കുറിച്ച് നാം ശ്രദ്ധിക്കണം. സ്മാർട്ട്ഫോണുകൾ, ടാബ്‌ലെറ്റുകൾ, കമ്പ്യൂട്ടറുകൾ എന്നിവയുടെ അമിതമായ ഉപയോഗം പരിമിതപ്പെടുത്തുക, ചെറുപ്പം മുതൽ തന്നെ തുറസ്സായ സ്ഥലത്തുള്ള പ്രവർത്തനങ്ങളും മുഖാമുഖമായ ഇടപെടലുകളും പ്രോത്സാഹിപ്പിക്കുക. സ്വകാര്യതാ ക്രമീകരണങ്ങൾ, ഉചിതമായ ഓൺലൈൻ പെരുമാറ്റം, സൈബർ ഭീഷണിയെ എങ്ങനെ കൈകാര്യം ചെയ്യണം എന്നിവ ഉൾപ്പെടെയുള്ള ഓൺലൈൻ സുരക്ഷയെക്കുറിച്ച് നമ്മുടെ മുതിർന്ന കുട്ടികൾക്ക് അറിയാമെന്ന് ഉറപ്പാക്കുക.

കുട്ടിയുടെ ഓൺലൈൻ പ്രവർത്തനങ്ങൾ നന്നായി മനസ്സിലാക്കാൻ, ഏറ്റവും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെക്കുറിച്ചും മാതാപിതാക്കൾ അറിഞ്ഞിരിക്കണം. വെല്ലുവിളികൾ നേരിടുമ്പോൾ സുഹൃത്തുക്കളിൽ നിന്നോ കുടുംബാംഗങ്ങളിൽ നിന്നോ പ്രൊഫഷണലുകളിൽ നിന്നോ പിന്തുണ തേടാൻ മടിക്കരുത്. "എനിക്ക് എവിടെയാണ് പിഴച്ചത്" എന്ന് സ്വയം ചോദിക്കു

ന്ന സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ട്. അതും ജീവിതത്തിന്റെ ഭാഗമാണ്.

കുട്ടികൾക്ക് വ്യക്തമായ പെരുമാറ്റ നിയമങ്ങളും അതിരുകളും ആവശ്യമാണ്. അച്ചടക്കത്തിലെ സ്ഥിരത സുരക്ഷിതത്വബോധം സൃഷ്ടിക്കാൻ സഹായിക്കുന്നു. കുട്ടികൾക്ക് ഒരു നല്ല മാതൃകയാകുക. നിങ്ങൾ ഒരു തെറ്റ് ചെയ്താൽ, ആ തെറ്റ് സമ്മതിക്കുകയും നിങ്ങളുടെ കുട്ടിയോട് "ക്ഷമിക്കണം" എന്ന് തുറന്നു പറയുകയും ചെയ്യുക. ബഹുമാനത്തിന്റെയും നല്ല പെരുമാറ്റത്തിന്റെയും മൂല്യങ്ങൾ വ്യക്തിപരമായ പ്രവർത്തനങ്ങളിൽ പ്രദർശിപ്പിക്കുക. നിങ്ങളോട് സംസാരിക്കാനും അവരുടെ വികാരങ്ങളും ആശങ്കകളും പ്രകടിപ്പിക്കാനും കുട്ടികൾക്ക് ഒരു അന്തരീക്ഷം സൃഷ്ടിക്കുക. നിങ്ങളുടെ കുട്ടിയുമായി തുറന്നതും സത്യസന്ധവുമായ ആശയവിനിമയം നിലനിർത്തുക. പഠനത്തോടുള്ള ഇഷ്ടം പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ കുട്ടിയുടെ അധ്യായനവിഷയങ്ങളിലും താൽപര്യങ്ങളിലും ഇടപെടുക. സംസ്കാര-വർഗ-മത-ലിംഗ ഭേദങ്ങളെയും വൈവിധ്യങ്ങളെയും ഉൾക്കൊള്ളാനും ബഹുമാനിക്കാനും കുട്ടികളെ പഠിപ്പിക്കുക. സഹാനുഭൂതി, ദയ, അനുകമ്പ തുടങ്ങിയ മൂല്യങ്ങൾ വളർത്തുക. മറ്റുള്ളവരോട് പരിഗണന കാണിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക. കുട്ടികളിൽ സ്വയ പ്രാപ്തിയും പ്രശ്നപരിഹാരത്തിനുള്ള കഴിവുകളും വികസിപ്പിക്കാൻ അനുവദിക്കുക. അവരുടെ പ്രായത്തിന് അനുയോജ്യമായ ഉത്തരവാദിത്തങ്ങൾ അവർക്ക് നൽകുക.

ഒരു അമ്മ എന്ന നിലയിൽ സ്വയപരിചരണത്തിന് പ്രാധാന്യം കൊടുക്കുകയും നമ്മളിലെ തന്നെ ഏറ്റവും മികച്ചതിനെ പകർന്നു നൽകുവാൻ ശ്രമിക്കുകയും ചെയ്യുക. നിങ്ങളുടെ സമയം നിയന്ത്രിക്കുന്നത് വിവിധ ഉത്തരവാദിത്തങ്ങൾ സന്തുലിതമാക്കാൻ നിങ്ങളെ സഹായിക്കും. ചുമതലകൾക്ക് മുൻഗണന നൽകുകയും ഉത്തരവാദിത്തങ്ങൾ കഴിവിനനുസരിച്ച് കുഞ്ഞുങ്ങളെ ഏല്പിക്കുകയും ചെയ്യുക. രക്ഷിതാവ് എന്ന നിലയിൽ വഴക്കമുള്ളവരായിരിക്കാൻ ഓർക്കുക.

രണ്ട് യുവാക്കളുടെ അമ്മ എന്ന നിലയിൽ, എനിക്ക് പറയുവാനുള്ളത്, രക്ഷാകർതൃത്വം ഒരു നിരന്തരമായ പഠനയാത്രയാണെന്നാണ്. മാത്രമല്ല ഒരേയൊരു നിശ്ചിത വഴിയിലൂടെ മാത്രമേ അതിനെ സമീപിക്കാൻ പറ്റുകയുള്ളൂ എന്നും നമുക്ക് പറയുവാൻ കഴിയില്ല. ഓരോ കുട്ടിയും വ്യസ്ത്യസ്തരും വ്യക്തിഗത പരിചരണം ആവശ്യമുള്ളവരുമാണ്. നിങ്ങളുടെ സഹജവാസനകളെ വിശ്വസിക്കുക, നിങ്ങളുടെ കുട്ടികളെ നിരുപാധികമായി സ്നേഹിക്കുക, ആധുനിക ലോകത്ത് അവർ വളരുകയും വികസിക്കുകയും ചെയ്യുമ്പോൾ അവരെ നയിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക

## » 3 ദൈവവചനപഠനത്തിന്റെ അനിവാര്യത

വേണ്ടത്ര സന്തോഷവും സമാധാനവും അനുഭവിക്കാൻ സാധിക്കാതെ പോകുന്നതിന്റെ പ്രധാന കാരണം ദൈവവചനത്തെ അംഗീകരിക്കുവാനും വചനത്തോട് ക്രിയാത്മക സമീപനം പുലർത്തുവാൻ കഴിയാതിരിക്കുന്നതുമാണ്. ദൈവവചനത്തിൽ സന്തോഷിക്കുവാൻ കഴിയുന്നവർക്ക് സംതൃപ്തിയുള്ള ജീവിതം നയിക്കാനാകും. ദൈവത്തിന്റെ വചനം കേവലം അക്ഷരങ്ങളല്ല, അത് മാനുഷികവുമല്ല. മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് എഴുതിയതും സംസാരിച്ചതുമാണ് (1 പത്രോ: 1: 30,31). അവിടുത്തെ വചനം കാലിനു ദീപവും പാതക്കു പ്രകാശവുമാണെന്ന് സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീ: 119:105). നമ്മുടെ ഓരോ ചുവടുകളെയും പ്രകാശപൂരിതമാക്കുന്ന ഈ വചനം നമ്മുടെ ജീവിതത്തോട് ചേർത്തു പിടിക്കാം.

# അബി

## സ്വാധീന കലയെ സ്വായത്തമാക്കിയവൾ



**വേദപുസ്തകത്തിലെ സ്ത്രീകഥാപാത്രങ്ങൾ**


ക്രിസ്തീയ സോദരി



അക്സ ആൻ നെൽസൺ

വാഴ്ത്തിപ്പാടാനുള്ള വ്യക്തിപ്രഭാവത്തിന് ഉടമയല്ല അവൾ, കൊട്ടിഘോഷിക്കുവാനുള്ള വീരകൃത്യങ്ങൾ ചെയ്തിട്ടുമില്ല, കുറഞ്ഞത് ഒരു ഖണ്ഡികയിൽ പോലും ആലേഖനം ചെയ്യാനുള്ള സവിശേഷതകൾ ഇല്ല. എങ്കിലും അബി എന്ന വ്യക്തിത്വത്തെ അത്രമേൽ മനോഹരമാക്കുന്ന ഒരു വസ്തുത ഉണ്ട്. പ്രതികൂലത്തിന്റെ തീച്ചൂളയിലും യഹൂദ രാജാക്കന്മാരിൽ 'ഹിസ്കിയാവ്' എന്ന രത്നത്തെ വാർത്തുണ്ടാക്കുന്നതിൽ അവൾ വഹിച്ച നിർണായക പങ്ക്. പുരോഹിതനായ സെഖര്യാവിന്റെ മകളും ഹിസ്കിയാവിന്റെ അമ്മയുമായ 'അബി' എന്ന വനിതയുടെ ജീവിതത്തിന്റെ, ആരാലും ശ്രദ്ധിക്കപ്പെടാത്ത ഗുണവിശേഷങ്ങൾ എല്ലാ സഹോദരിമാരും മാതൃകയാക്കേണ്ടതാണ് (2. രാജാ:1:8:2).

ഹിസ്കിയാവിനെ 'യഹോവയിൽ ആശ്രയിക്കുന്ന'(2. രാജാ: 2:5), 'യഹോവയ്ക്ക് പ്രസാദമുള്ളത് ചെയ്യുന്ന' (2.രാജാ: 2:3) ഒരു വ്യക്തിയാക്കിയതിൽ അബിയുടെ സ്വാധീനത്തിന്റെ വ്യാപ്തി അറിയണമെങ്കിൽ തന്റെ ഭർത്താവായ ആഹാസിനെ നാം പഠിക്കേണ്ടതുണ്ട്. തികച്ചും ദൈവീക കൽപ്പനകൾക്ക് വിരോധമായി ദൈവത്തെ കോപിപ്പിച്ച് ജീവിച്ച ഒരു രാജാവ് (2. രാജാ: 16:3). ഇത്തരമൊരു സാഹചര്യത്തിൽ ആ രാജാവിന്റെ ഭാര്യയായ അബിക്ക് തന്റെ മകനെ ദൈവീക വഴികളിൽ വളർത്തിക്കൊണ്ടു വരിക എന്നത് ഒരു കാഠിന്യമേറിയ വെല്ലുവിളി ആയിരുന്നിരിക്കണം. ഏതു വ്യക്തിയും അടിയറവ് വെക്കാൻ സാധ്യതയുള്ള ഒരു പരീക്ഷ. എങ്കിലും ആ ധീര വനിത തളർന്നില്ല.



**തനിക്ക് ദൈവം നൽകിയ മകൻ ദൈവവഴികളിൽ നിലകൊള്ളാൻ അവൾ ത്യാഗോജ്ജ്വലമായി പ്രവർത്തിച്ചു.**

ഭർത്താവിനെ ദൈവത്തിനായി നേടാൻ അവൾക്ക് മുന്നിലെ പ്രതിബന്ധങ്ങൾ ഏറെയാണ്. ഒരു തരത്തിൽ പറഞ്ഞാൽ അത് അസാധ്യവുമാണ്. എന്നാൽ ദൈവത്തിൽ ആശ്രയിച്ചാൽ അവൾക്കു വിജയിക്കാൻ കഴിയുന്ന ഒരു മേഖലയുണ്ട്. മാതാവെന്ന് മഹനീയ ദൗത്യം. ഭർത്താവിന് സംഭവിച്ച പാകപ്പിഴകൾ തലമുറയിലേക്ക് പകരാതിരിക്കാൻ അചഞ്ചലയായി അവൾ നിന്നു. പുരോഹിതനായ പിതാവിൽ നിന്നും ആർജ്ജിച്ചെടുത്ത ദൈവിക കൽപ്പനകളുടെ ജീവനുറ്റ ഏടുകൾ അണുവിട മാറാതെ അവൾ തന്റെ മകനു പകർന്നു നൽകി.

തന്റെ ബലഹീനതകൾ കൊണ്ടോ അശ്രദ്ധകൊണ്ടോ മകന്റെ ലക്ഷ്യം തെറ്റാതിരിക്കാൻ അവളുടെ ജീവിതം ഹിസ്കിയാവിനു മുന്നിൽ ഒരു പാഠപുസ്തകം ആയി. ഈ അമ്മയെ നിരീക്ഷിച്ചു വളർന്നു വരുന്ന ഹിസ്കിയാവിന് ദൈവപ്രസാദമുള്ള വഴികളിൽ നടക്കാതിരിക്കാൻ അസാധ്യമായിരുന്നു. കാരണം, ഹിസ്കിയാവിൻമേൽ അബിയുടെ സ്വാധീനത്തിന്റെ ആക്കം അത്രമേൽ ആഴമേറിയതായിരുന്നു. പിതാവ് ആചരിച്ച ജാതികളുടെ മ്ലേച്ഛതകളൊന്നും (2. രാജാ:16:3) ഹിസ്കിയാവിനെ ആകർഷിച്ചില്ല. മാത്രമല്ല മറ്റൊരു രാജാവും ചെയ്യാത്ത വിധം അതിനെ തച്ചുടക്കുകയാണുണ്ടായത് (2. രാജാ: 18:4). ഈ ആത്മീക ദർശനം ഹിസ്കിയാവിന് എവിടെ നിന്ന് ലഭിച്ചു? അതും ദുർമാർഗിയായ ഒരു പിതാവിന്റെ മകനായ ഹിസ്കിയാവിന്. അവിടെയാണ് അബി ഒരു മിന്നും താരകമായി നിലകൊള്ളുന്നത്. ആർത്തിരമ്പുന്ന കടൽത്തിരകളുടെ നടുവിലും അവൾ തന്റെ ശ്രദ്ധ പതറാതെ കപ്പലിനെ നയിച്ചു. പ്രതികൂല കാറ്റുകൾ ആഞ്ഞുവീശിയിരുന്നിരിക്കാം... എങ്കിലും അവൾ പിന്മാറിയില്ല.

മറ്റേത് രാജാവിനോടും സമനാക്കുവാൻ കഴിയാത്ത നിലയിൽ ഹിസ്കിയാവിന്റെ യശസ്സ് ഉയർന്നു (2. രാജാ: 18:6). അവന്റെ വീര്യ പ്രവർത്തികളുടെ മഹത്ത്വം വാനോളം എത്തിച്ചേർന്നു ( 2. രാജാ: 18 :7 - 10). ഇതിനെല്ലാം പിന്നിലുള്ള ഊർജ്ജസ്രോതസ്സ് എന്തെന്ന് ഹിസ്കിയാവിനോട് ചോദിച്ചാൽ താൻ വാചാലൻ ആകും. തന്റെ മാതാവിന്റെ വൈദഗ്ധ്യം തെളിയിക്കപ്പെട്ട സ്വാധീന കലയെക്കുറിച്ച്.

അബിക്ക് വേണമെങ്കിൽ തന്റെ ഭർത്താവിന്റെ വഴികളിൽ നടന്ന് ലോകത്തിന്റെ (ജാതികളുടെ) പ്രീതി സമ്പാദിക്കാമായിരുന്നു. എന്നാൽ 'ദൈവജനത്തോടു കൂടെയുള്ള കഷ്ടതയെ' മാനമായി കണ്ട തന്റെ പിതാമഹൻ മോശെയുടെ ജീവിതത്തെ അവൾ തന്റെ പിതാവിലൂടെ പഠിച്ചു. അത് അവളെ ഹഠാതാകർഷിച്ചു. തനിക്ക് ദൈവം നൽകിയ മകൻ ദൈവവഴികളിൽ നിലകൊള്ളാൻ അവൾ ത്യാഗോജ്ജ്വലമായി പ്രവർത്തിച്ചു.

അബിയുടെ ജീവിതം നമുക്ക് ഒരു മാതൃകയായിരിക്കട്ടെ. ദൈവം നമുക്ക് നല്കുന്ന സ്ഥാനങ്ങളിൽ നമ്മുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിവർത്തിച്ച് വരും തലമുറയെ കർത്താവിനായി നേടാം.



# മഹാ രാജാവിന്റെ മണവാട്ടി

പ്രസന്ന മാത്യു

"അവങ്കലേക്ക നോക്കിയവർ പ്രകാശിതരായി"

എന്റെ പേര് പ്രസന്നാ മാത്യു. മാതാപിതാക്കളും മൂന്നു മക്കളും അടങ്ങുന്നതാണ് ഞങ്ങളുടെ കുടുംബം. മൂവാറ്റുപുഴ പട്ടണത്തിൽ, ഒരു കത്തോലിക്കാ കുടുംബത്തിൽ ജനിച്ചു വളർന്ന ഞാൻ 'പ്രവർത്തിയാലാണ് രക്ഷ' എന്ന് ഉറച്ചു വിശ്വസിക്കുകയും ചെറിയ പ്രായം മുതൽ തികഞ്ഞ മതഭക്തിയിൽ തന്നെ വളർന്നു വരികയും ചെയ്തു.

ഒന്നാം ക്ലാസ്സു മുതൽ കോൺവെന്റ് സ്കൂളിലാണ് ഞാൻ പഠിച്ചത്. അതുകൊണ്ടു തന്നെ കോൺവെന്റിലെ കന്യാസ്ത്രീകളുമായി എനിക്ക് വളരെ നല്ല അടുത്ത ബന്ധമാണുണ്ടായിരുന്നത്. ആ ബന്ധം അവരെപ്പോലെ എനിക്കും കർത്താവിന്റെ മണവാട്ടിയാകണം എന്ന ആഗ്രഹം എന്നിൽ ഉളവായി. ഓരോ ദിവസങ്ങൾ കഴിയുന്തോറും എന്റെ മനസ്സിലെ ആഗ്രഹത്തിന് ശക്തി കൂടിക്കൂടി വന്നു. അങ്ങനെ എന്റെ പ്രീഡിഗ്രി പഠന കാലത്ത് കന്യാസ്ത്രീ ആകാൻ ഞാൻ തീരുമാനമെടുത്തു. പരീക്ഷ കഴിഞ്ഞ ഉടൻ തന്നെ കോൺവെന്റിൽ ചേരുവാൻ ആഗ്രഹിച്ചിരുന്ന ഞാൻ ഈ കാര്യം വീട്ടിൽ പറഞ്ഞപ്പോൾ വീട്ടിലുള്ളവർ എന്റെ താല്പര്യത്തെ എതിർക്കുകയാണുണ്ടായത്. കാരണം എന്റെ മാതാപിതാക്കൾക്ക് രണ്ട് ആൺമക്കളോടൊപ്പം ഏകമകളായി ഞാൻ മാത്രമാണുണ്ടായിരുന്നത്. എന്നെ കന്യാസ്ത്രീയാക്കാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ ഞാനും എന്റെ അദ്ധ്യാപകരായ കന്യാസ്ത്രീകളും എന്റെ വീട്ടുകാരെ കാര്യങ്ങൾ സാവധാനം പറഞ്ഞു മനസ്സിലാക്കി. അങ്ങനെ 1984 - ൽ ഞാൻ കന്യാസ്ത്രീയാകാൻ കോൺവെന്റിൽ ജോയിൻ ചെയ്തു.

> ❝ ക്രിസ്തുവിനെ സ്വീകരിച്ചതു നിമിത്തം ഞങ്ങൾ ഏറെ സന്തോഷം ഉള്ളവരാണ്



ഭർത്താവ് ഇ.എസ് മാത്യുവിനൊപ്പം

എന്റെ ബാല്യകാലത്തു തന്നെ ഞങ്ങളുടെ ഭവനത്തിൽ TWR റേഡിയോ പ്രോഗ്രാം കേൾക്കുമായിരുന്നു. അങ്ങനെ കേൾക്കുന്ന കാര്യങ്ങൾ എനിക്ക് വ്യക്തമായി മനസ്സിലാകുമായിരുന്നില്ല. എങ്കിലും അത് എന്നിൽ ദൈവവചനം വായിക്കാനുള്ള ആഗ്രഹം ഉളവാക്കി. അതിന് പ്രോത്സാഹനം തന്നത് കരിസ്മാറ്റിക് പ്രസ്ഥാനമായിരുന്നു. അവിടെ വെച്ച് ഞങ്ങളുടെ ആത്മീയ ഗുരുവായ എയ്ഞ്ചൽ വോയിസ് സ്ഥാപകൻ ഫാ. കുര്യാക്കോസ് (കച്ചിറമറ്റം) ധ്യാനസമയം എടുക്കുന്നത് എങ്ങനെ ആണെന്ന് ഞങ്ങളെ പഠിപ്പിച്ചു. അത് എന്റെ ജീവിതത്തിൽ പുതിയ വഴിത്തിരിവിനു കാരണമായി.

ഞാൻ കോൺവെന്റിലായിരുന്ന സമയം എന്റെ മൂത്ത സഹോദരൻ രക്ഷിക്കപ്പെട്ടു. അദ്ദേഹം ദൈവവചനപഠനത്തിനായി സെക്കന്തരാബാദിലേക്ക് പോയി. (അദ്ദേഹം ഇപ്പോൾ ആന്ധ്രയിൽ സുവിശേഷകനാണ്). ഞാൻ കോൺവെന്റിൽ നിന്നും തിരികെ ഭവനത്തിലേക്കു വരാൻ വീട്ടിൽ നിന്നും സമ്മർദ്ദം ചെലുത്തിക്കൊണ്ടേയിരുന്നു. അതിനു കാരണം എന്റെ മൂത്ത സഹോദരൻ തന്നെ ആയിരുന്നു. ഒരിയ്ക്കൽ ഞാൻ ഒരു അവധിക്ക് വീട്ടിൽ വന്നപ്പോൾ ഗായകൻ കുട്ടിയച്ചൻ ഉൾപ്പെടെ പലരും എന്നോട് സുവിശേഷം പറഞ്ഞു. എല്ലാം ഞാൻ കേട്ടു എങ്കിലും ഒരു തീരുമാനമെടുക്കുവാൻ ഞാൻ തയ്യാറായില്ല. അവധി കഴിഞ്ഞ് ഞാൻ വീണ്ടും കോൺവെന്റിലേക്ക് തിരിച്ചു പോയി.

## രക്ഷയുടെ അനുഭവത്തിലേക്ക്

മറ്റൊരു അവധിക്ക് ഞാൻ വീട്ടിൽ വരുമ്പോൾ എന്റെ സഹോദരൻ ബൈബിൾ കോളേജിൽ നിന്നും വന്നിട്ടുണ്ട്. താൻ ഒരു ടീമായി പ്രവർത്തിക്കാൻ കൂടിയാണ് വന്നത്. ഈ ടീമംഗങ്ങൾ ഞങ്ങളുടെ ഭവനത്തിലാണ് താമസിച്ചത്. പകൽ പ്രവർത്തനങ്ങൾ കഴിഞ്ഞ് രാത്രിയിൽ ഞങ്ങളുടെ ഭവനത്തിൽ ബൈബിൾ ക്ലാസ്സ് നടക്കും. എന്റെ അപ്പച്ചനും അമ്മയും ഇളയ സഹോദരനും ഞാനും, ഞങ്ങൾ ദൈവവചനം കേൾക്കാൻ ഇരിക്കും. എല്ലാ ദിവസവും ദൈവവചനം ഹൃദയത്തിൽ ക്രിയ ചെയ്തുകൊണ്ടിരുന്നു. ക്ലാസ്സെടുത്തുകൊ

ണ്ടിരുന്നത് രഘു എന്ന സഹോദരൻ ആയിരുന്നു. ഇപ്പോൾ ഗുജറാത്തിൽ സുവിശേഷ വേലയിലായിരിക്കുന്ന രഘു സഹോദരന്റെ വീട് കോന്നിയിലാണ് . താൻ ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച വ്യക്തിയായിരുന്നു. ആത്മരക്ഷയെ സംബന്ധിച്ച് ഞങ്ങൾ അതുവരെ കേൾക്കാത്ത ചില സത്യങ്ങൾ തിരുവചനത്തിലെ തെളിവോടെ അദ്ദേഹം ഞങ്ങൾക്കു വിവരിച്ചു തന്നു. ജനനം കൊണ്ടു ആരും ക്രിസ്ത്യാനികൾ ആകുന്നില്ലെന്നും എല്ലാവരും പാപികളായിട്ടാണ് ലോകത്തിൽ ജനിക്കുന്നതെന്നും ഞാൻ മനസ്സിലാക്കി (റോമ: 3:23, സങ്കീ:51:5). മനുഷ്യന് സ്വയമായി രക്ഷക്കു വേണ്ടി ഒന്നും ചെയ്യുവാൻ കഴിയില്ലെന്നും നമ്മുടെ പാപത്തിനുള്ള ശിക്ഷ ഏറ്റെടുത്ത് നമുക്ക് പകരക്കാരനായി ക്രൂശിൽ മരിച്ച ക്രിസ്തുവിനെ വിശ്വാസത്താൽ വ്യക്തിപരമായി രക്ഷകനായി സ്വീകരിക്കുന്നതിലൂടെ മാത്രമേ ഒരുവന് ദൈവപൈതലാകുവാൻ കഴിയൂ എന്നത് വ്യക്തമായി പറഞ്ഞു തന്നു (എഫെ:2:8,9). ഞങ്ങൾ പിൻതുടർന്നു വന്ന മതാചാരങ്ങൾ വ്യർത്ഥമാണെന്നും വ്യർത്ഥമായ ആ പിതൃപാരമ്പര്യം ദൈവത്തിന്റെ വഴിയല്ലെന്നും അറിഞ്ഞപ്പോൾ മനസ്സിൽ വലിയ പോരാട്ടമായി. ഒരാഴ്ച നീണ്ട ക്ലാസ്സിലൂടെ രഘു സഹോദരൻ ആത്മരക്ഷയെക്കുറിച്ച് വ്യക്തമായി പറഞ്ഞു തന്നു.

രാത്രിയിൽ കേൾക്കുന്ന ദൈവവചനം പകൽ സമയം അത് ശരി തന്നെയോ എന്ന് ഞാൻ പരിശോധിക്കുമായിരുന്നു. ധ്യാനസമയം എടുക്കുന്ന പുസ്തകം ഗലാത്യ ലേഖനമായിരുന്നു. അതിന്റെ :1:10 -ാം വാക്യത്തിൽ ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നതു? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല... ഈ വാക്യത്തിലൂടെ ദൈവാത്മാ




വ് എന്നോട് സംസാരിച്ചു. എന്നാൽ ഞാൻ അത് തള്ളിക്കളഞ്ഞു. അടുത്ത ദിവസം വീണ്ടും ആ ഭാഗം തന്നെ തുടർച്ചയായി വായിച്ചു ധ്യാനിച്ചു. ഈ സമയം ആ വാക്യം എന്റെ ഹൃദയത്തിൽ വന്നു തറയ്ക്കുന്നതു പോലെ തോന്നി. അന്ന് രാത്രിയിൽ, 1986 ഏപ്രിൽ മാസം 14 -ാം തീയതി ഞാൻ എന്റെ കർത്താവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. ആ രാത്രിയിൽ ഞാൻ സുഖമായി ഉറങ്ങി. പിന്നെ ഞാൻ കോൺവെന്റിലേക്ക് തിരിച്ചു പോയില്ല.

കത്തോലിക്കാ സഭാ നേതൃത്വത്തിൽ നിന്നും മറ്റു ബന്ധുക്കളിൽ നിന്നും വളരെയധികം മുറിപ്പെടുത്തലുകൾ എനിക്ക് നേരിടേണ്ടി വന്നു. എന്റെ മുമ്പോട്ടുള്ള ജീവിതം എന്താകും? എന്റെ ഭാവി എന്താകും? എനിക്ക് ഒരു വിവാഹം നടക്കുമോ? അതും കന്യാസ്ത്രീയാകാൻ പോയിട്ട് മഠത്തിൽ നിന്നും തിരിച്ചു വന്ന എന്നെ ആരെങ്കിലും വിവാഹം കഴിക്കുമോ? ഞാൻ മരിക്കുമ്പോൾ എന്നെ എവിടെ സംസ്കരിക്കും ? എന്നിങ്ങനെയുള്ള ചിന്തകൾ എന്നെ വല്ലാതെ അലട്ടിയിരുന്നു. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാ

ധാനം ഹൃദയത്തിൽ തന്ന് ദൈവം എന്നെ ബലപ്പെടുത്തിക്കൊണ്ടിരുന്നു. ഈ സമയമെല്ലാം ഞാൻ അധികമായി ദൈവത്തോട് അടുക്കുകയും ദൈവവചനം പഠിക്കുകയും ദൈവവചനത്തിലൂടെ ഉറപ്പും ധൈര്യവും നേടിയെടുക്കുകയും ചെയ്തു. എന്നാൽ ഈ സമയങ്ങളിൽ തന്നെ എന്റെ മാതാപിതാക്കളും ഇളയ സഹോദരനും രക്ഷാനിർണ്ണയം പ്രാപിച്ചു.

## കുടുംബജീവിത്തിലേക്ക്

1990 - ലാണ് ഞങ്ങളുടെ വിവാഹം നടന്നത്. മൂവാറ്റുപുഴ, മാറാട് സ്വദേശിയായ സുവിശേഷകൻ. ഈ. എസ്. മാത്യുവാണ് എന്റെ ഭർത്താവ്. അദ്ദേഹം യാക്കോബായ വിഭാഗത്തിൽ നിന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട വ്യക്തി ആയിരുന്നു. രക്ഷിക്കപ്പെടുന്നതിനു മുമ്പ് യാക്കോബായ സഭയിലെ ഒരു പുരോഹിതനാകാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. 1992 - ൽ അദ്ദേഹം TWR (Traw World Join) എന്ന ക്രിസ്തീയ സുവിശേഷ സംഘടനയിൽ ജോയിൻ ചെയ്തു. ഞാൻ രക്ഷയുടെ അനുഭവത്തിൽ വരുന്നതിന്റെ അടിസ്ഥാനം ഒരു വിധത്തിൽ ഈ റേഡിയോ പ്രോഗ്രാം ആയിരുന്നു എന്നു പറയാം. അതെനിക്ക് വളരെ സന്തോഷം നൽകി. ഞാനും അദ്ദേഹത്തോടൊപ്പം ഒരു വോളണ്ടിയറായി പ്രവർത്തിച്ചു. TWR - ൽ ചേർന്ന എന്റെ ഭർത്താവ് ആദ്യസമയങ്ങളിൽ റേഡിയോ പ്രോഗ്രാം കേട്ടിട്ട് വരുന്ന കത്തുകൾക്ക് മറുപടി നല്കുകയാണ് (Followup) ചെയ്തുകൊണ്ടിരുന്നത്. പിന്നീട് താൻ റേഡിയോയിൽ ബൈബിൾ ക്ലാസ്സുകൾ എടുത്തു തുടങ്ങി. 6 വർഷം ദൈവീക സ്പർശനം എന്ന ഒരു ബൈബിൾ സ്റ്റഡി ചെയ്തു. ഇതിന്റെ Followup - ന്റെ ഭാഗമായി കത്തുകൾക്ക് മറുപടി എഴുതുന്നത് ഞാനായിരുന്നു. ഈ ശുശ്രൂഷയിലൂടെ ധാരാളം ആളുകളെ പരിചപ്പെടാനും രക്ഷയുടെ സന്ദേശം അറിയിക്കാനും അവരുടെ പ്രശ്നങ്ങൾക്ക് ആശ്വാസം നല്കുന്നതിനും ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനും കർത്താവ് അവസരം നല്കി. 1993 മുതൽ 6 വർഷത്തോളം ഞങ്ങൾ തിരുവല്ലയിൽ താമസിക്കുമ്പോൾ ഞങ്ങളുടെ ഭവനത്തിൽ വെച്ച് ഒരു സ്ഥലം സഭാ കൂടിവരവ് ആരംഭിച്ചു. അതിൽ സണ്ടേസ്കൂൾ എടുക്കുന്നതിനും സഹോദരിമാരുടെ ഇട





ലിയാനയുമൊത്ത്

ടെ കൊച്ചുമകളാണ് ലിഡിയ. അവളും നേഴ്സാണ്. ഇരുവരും കാനഡയിലായിരിക്കുന്നു. അസാധ്യങ്ങളെ സാധ്യമാക്കുന്ന ദൈവം കൂടെ ഉണ്ട് എന്ന് വീണ്ടും മനസിലാക്കാൻ സാധിച്ചു.

## സഭാപ്രവർത്തനം

26 വർഷം ഞങ്ങൾ TWR റേഡിയോ പ്രസ്ഥാനത്തിലൂടെ മിനിസ്ട്രി ചെയ്തു. 2017 - ൽ എന്റെ ഭർത്താവ് സഭാശുശ്രൂഷകനായി വേർതിരിഞ്ഞു. മൂവാറ്റുപുഴയിൽ ആരംഭിച്ച ബൈബിൾ ക്ലാസ്സ് മുഖാന്തിരം മൂവാറ്റുപുഴ പട്ടണത്തിൽ പുതിയൊരു സഭാ കൂടിവരവുണ്ടാകാൻ കർത്താവ് കൃപ ചെയ്തു. സഭയോടുള്ള ബന്ധത്തിലും പല കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു. അനേക കുടുംബങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന ഈ നാളുകളിൽ അവർക്ക് പ്രയോജനപ്രദമായ കാര്യങ്ങൾ ചെയ്യുവാൻ ബിബ്ലിക്കൽ കൗൺസലിംഗ് കോഴ്സ് ഞങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. അതിനായി മൂവാറ്റുപുഴ പട്ടണത്തിൽ ഒരു സെന്റർ ലഭിക്കുന്നതിനായി ഞങ്ങൾ ആഗ്രഹിക്കുന്നു.

"അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി അവരുടെ മുഖമോ ലജ്ജിച്ചു പോയതുമില്ല" എന്ന വാക്യം ഞങ്ങളുടെ ജീവിതത്തിൽ അന്വർത്ഥമാണ്. ക്രിസ്തുവിനെ സ്വീകരിച്ചതു നിമിത്തം ഞങ്ങൾ ഏറെ സന്തോഷം ഉള്ളവരാണ്. ഒരു നാളും കൈവിടാത്ത നല്ല ഇടയനായി അവിടുന്ന് ഞങ്ങളോടൊപ്പമുണ്ട്. ജീവിതത്തിലെ ഏതു പ്രതിസന്ധികളിലും ആരും സഹായിക്കാൻ ഇല്ല എന്ന് തോന്നുന്ന നിമിഷങ്ങളിലും അവിടുന്ന് ഞങ്ങളോട് കൂടെയുണ്ടെന്നുള്ള വിശ്വാസത്തിൽ ഈ യാത്ര ഞങ്ങൾ തുടരുകയാണ്.

യിൽ പ്രവർത്തിക്കുന്നതിനും എനിക്കു സാധിച്ചു.

## കുടുംബം, മക്കൾ

എന്റെ ഭർത്താവിന്റെ ഭവനത്തിൽ നാലു മക്കളാണുള്ളത്. മൂന്നാമത്തെ മകളായ മേരി. എസ്. ജോർജ്ജാണ് ആ കുടുംബത്തിൽ നിന്നും ആദ്യം കർത്താവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചത്. അവളുടെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും ഫലമായി മാതാപിതാക്കളും സഹോദരി സഹോദരന്മാരും പിന്നീട് രക്ഷിക്കപ്പെട്ടു (2022 ജനുവരി - ഫെബ്രുവരി ലക്കം ക്രിസ്തീയ സോദരി മാഗസിനിൽ മേരി. എസ്.ജോർജിന്റെ അനുഭവസാക്ഷ്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്)

ഞങ്ങൾക്ക് ദൈവം രണ്ടു മക്കളെ നല്കി. മൂത്ത മകൾ പ്രസില്ല, നേഴ്സാണ്. തൃശൂർ നെല്ലിക്കുന്ന് സീയോൻ സഭയിലെ ജോയ് മാത്യുവാണ് അവളുടെ ഭർത്താവ്. അവർ ഇരുവരും കാനഡയിലായിരിക്കുന്നു. അവർക്ക് ഒരു മോൾ ഉണ്ട്, ലിയാന ജോയി. ഇളയ മകൻ ഗോഡ്ലി, അവൻ എഞ്ചിനിയറാണ്. അവന്റെ ഭാര്യയുടെ പേര് ലിഡിയ. ചാത്തന്നൂർ ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജിന്റെ സ്ഥാപകനായ കെ. സി. തോമസ് സാറിന്റെ ഭാര്യാസഹോദരിയു

# ഒരു പൊതിച്ചോറ്



മേരി. എസ്
ജോർജ്ജ്



പതിവുപോലെ മാവിൻ ചുവട്ടിലെ ബക്കറ്റിൽ, ചോറ്റു പാത്രത്തിലെ പകുതിയിൽ അധികം ചോറും കറികളും കളഞ്ഞപ്പോൾ നീതുമോൾ ഓർക്കാതിരുന്നില്ല; മമ്മിയുടെ വാക്കുകൾ, "മോളെ, ചോറു കളയാതെ കഴിക്കണം കേട്ടോ. ഭക്ഷണം ഇല്ലാത്ത ഒരുപാട് പേർ നമുക്ക് ചുറ്റിലും ഉണ്ട്. അതുകൊണ്ട് മോൾ ചോറ് മുഴുവനും കഴിക്കണം". മമ്മി അങ്ങനെയൊക്കെ പറയും. എനിക്ക് കഴിക്കാൻ പറ്റുന്നതല്ലേ കഴിക്കാവൂ. പിന്നെയാണെങ്കിൽ എന്നും, ഒരു മുട്ട പൊരിച്ചതും ചമ്മന്തിയും മീൻ വറുത്തതും തോരനും കൂട്ടി കൂട്ടി മടുത്തു.. പിറുപിറുത്തു കൊണ്ട് പാത്രത്തിലെ അവസാനത്തെ വറ്റു ചോറും കുടഞ്ഞു കളഞ്ഞിട്ട് പാത്രം കഴുകാൻ പൈപ്പിന്റെ അടുത്ത് വന്നപ്പോൾ.. 8 A യിലെ അനു പൈപ്പിൽ നിന്നും വെള്ളം കുടിക്കുന്നത് കണ്ടു. പക്ഷേ അവളുടെ കൈയ്യിൽ ചോറ്റുപാത്രം ഇല്ലായിരുന്നു;"അനൂ..നീ ചോറു കൊണ്ടുവന്നില്ലേ? നീതു ചോദിച്ചു.

അത്.. പിന്നെ.. അനു മറുപടി പറയാതെ ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. "നീ എന്താ ഒന്നും പറയാത്തത്? നിൻ്റെ മുഖം വാടി ഇരിക്കുന്നല്ലോ? അവർ അല്പം ദൂരെ മാറി മാവിന്റെ തണലുള്ള ഇടത്തേക്ക് നീങ്ങി നിന്നു. നീതുവും അനുവും ഒരേ ക്ലാസിലാണ് പഠിക്കുന്നത്. അനു 8A യിലും നീതു 8B യിലും. അനു പഠനത്തിൽ സമർത്ഥയാണ്. നീതുവിന്റെ വീടിന്റെ അടുത്ത് തന്നെയാണ് അനുവിന്റെയും വീട്. അനുവിന് താഴെ രണ്ട് അനുജന്മാരും കൂടി ഉണ്ട്. ഒരു വർഷം മുമ്പ് അനുവിന്റെ അച്ഛൻ ഒരു അപകടത്തിൽ മരിച്ചുപോയി; അമ്മ അയൽ വീടുകളിൽ ജോലി ചെയ്താണ് മൂന്ന് പേരെയും പഠി

ഷിക്കുന്നതും വീട്ടിലെ ആവശ്യങ്ങളും നിറവേറ്റുന്നത്. വളരെ കഷ്ടമാണ് അവരുടെ ജീവിതം..

നീതു സഹതാപത്തോടെ അനുവിനെ നോക്കി. അവൾ ശിരസ്സ് കുമ്പിട്ടു നിൽക്കുകയാണ്."അനൂ..നീ എന്താ ചോറ് കൊണ്ടു വരാത്തത്?. അനു ഒന്നും മിണ്ടാതെ താഴെ നോക്കി നിന്നു. ഒടുവിൽ നീതുവിന്റെ നിർബന്ധത്തിനു വഴങ്ങി ഒരു വിതുമ്പലോടെ അനു പറഞ്ഞു"ഇല്ല രണ്ടു ദിവസമായി ഞാൻ ചോറു കൊണ്ടുവരുന്നില്ല" "അതെന്താ? അമ്മയ്ക്ക് സുഖമില്ലാത്തതുകൊണ്ട് പണിക്ക് പോകാൻ പറ്റിയില്ല. കുറച്ചു ചോറേ ഉണ്ടായിരുന്നുള്ളൂ.. അത് ഞാൻ അപ്പുവിനും അഖിലിനും കൊടുത്തു വിട്ടു. അവർ കുഞ്ഞുങ്ങളല്ലേ അവർക്ക് വേഗം വിശക്കും". അനുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.. അത് കേട്ട് നീതു തിരിഞ്ഞു മാവിൻ ചോട്ടിലെ ബക്കറ്റിലേക്ക് നോക്കി.. താൻ തട്ടിക്കളഞ്ഞ ചോറ് ഉണ്ടായിരുന്നെങ്കിൽ ഒരു വയറിന്റെ വിശപ്പ് അകറ്റാമായിരുന്നു. അവൾക്ക് വല്ലാത്ത കുറ്റബോധം തോന്നി. അവളുടെ മനസ്സ് പിടഞ്ഞു.."നീ വാ.. നീതു അനുവിനെ തൻ്റെ ക്ലാസിലേക്ക് കൂട്ടിക്കൊണ്ടു പോയി. . അവൾ ബാഗ് തുറന്നു ഒരു പാക്കറ്റ് ബിസ്കറ്റ് എടുത്ത് അനുവിന് കൊടുത്തു."അനു.. ഇതു കഴിക്ക്". "വേണ്ട നീതു സാരമില്ല" "വേണ്ടെന്നോ? നീ പിന്നെ വിശന്നിരിക്കാനാണോ? അനു ആ ബിസ്കറ്റ് വാങ്ങി ആർത്തിയോടെ കഴിക്കുന്നത് നീതു സഹതാപത്തോടെ നോക്കി നിന്നു..

അന്ന് രാത്രി നീതുവിന് ഉറക്കം വന്നില്ല.. കണ്ണടയ്ക്കുമ്പോൾ പൈപ്പിൽ നിന്നും വെള്ളം കുടിക്കുന്ന അനുവിന്റെ മുഖമാണ് മനസ്സിൽ തെളിയുന്നത്... അവൾ പലതും ചിന്തിച്ച് രാത്രിയുടെ ഏതോ യാമത്തിൽ ഉറക്കത്തിലേക്ക് വഴുതി വീണു..

രാവിലെ, ഉറച്ച ഒരു തീരുമാനത്തോടെ ആയിരുന്നു അവൾ കിടക്ക വിട്ട് എഴുന്നേറ്റത്. ഇനി ജീവിതത്തിൽ ഒരിക്കലും ഭക്ഷണം പാഴാക്കി കളയില്ല.. ഞാൻ കളയുന്ന ഓരോ വറ്റ് ചോറിന്റെ മുമ്പിലും വിശക്കുന്ന അനേക വയറുകൾ ഉണ്ടാകും.. ജീവൻ നിലനിർത്താൻ വെമ്പൽ കൊള്ളുന്ന ജീവിതങ്ങൾ..

നീതു റെഡിയായി അടുക്കളയിൽ വന്നപ്പോൾ മമ്മി ചോറ്റു പാത്രത്തിൽ ചോറിട്ടു കൊണ്ടിരിക്കുകയായിരുന്നു."മമ്മി".. അവൾ മമ്മിയുടെ അടുത്തേക്ക് നീങ്ങി നിന്നു.. "എന്താ.. മോൾക്ക് വല്ലതും പറയാനുണ്ടോ"? മമ്മി ചോദിച്ചു. അതേയ്..എനിക്ക് ഒരു പാത്രം ചോറു കൂടി തരുമോ? എന്തിന്? സാധാരണ നീ കൊണ്ടുപോകുന്ന ചോറ് കളയുകയാണ് പതിവ്. ഇന്നെന്താ പതിവിന് വിപരീതമായി കൂടുതൽ ചോറു വേണമെന്ന് പറയുന്നത്? അതും വേറെ പാത്രത്തിൽ". മമ്മി ആശ്ചര്യത്തോടെ തല ഉയർത്തി നീതു മോളെ നോക്കി.. അവൾ തലേദിവസത്തെ സംഭവങ്ങൾ വള്ളിപുള്ളി വിടാതെ മമ്മിയോട് പറഞ്ഞു.. "അതുകൊണ്ട് മമ്മി അവൾ





ഇനി വിശന്നിരിക്കാൻ പാടില്ല" ആ അമ്മയുടെ മിഴികൾ ഈറനണിഞ്ഞു. അവർ നീതു മോളെ ചേർത്തു പിടിച്ച് അവളുടെ നെറ്റിയിൽ ഒരു ഉമ്മ കൊടുത്തു.. "ശരി.. പക്ഷേ പാത്രമില്ലല്ലോ..ഒരു കാര്യം ചെയ്യ്, മോൾ ചെന്നിട്ട് ഒരു വാഴയില വെട്ടിക്കൊണ്ടുവാ. മമ്മി ഒരു പൊതിച്ചോറ് കെട്ടിത്തരാം പോരേ? നീതുവിന് സന്തോഷമായി.. മമ്മി പൊതിച്ചോറ് കെട്ടി നീതുവിന്റെ ബാഗിൽ വച്ചുകൊടുത്തു. അപ്പോഴേക്കും സ്കൂൾ ബസ്സ് ഗേറ്റിന്റെ അടുത്ത് വന്ന് ഹോൺ അടിച്ചു തുടങ്ങി.. മമ്മിക്ക് റ്റാറ്റാ പറഞ്ഞ്, ആത്മസംതൃപ്തിയോടെ പൊതിച്ചോറുമായി നീതുമോൾ സ്കൂൾ ബസ്സിൽ കയറി..

കൂട്ടുകാരെ.. ഓരോ ദിവസവും, നാം എന്തുമാത്രം ഭക്ഷണപദാർത്ഥങ്ങളാണ് പാഴാക്കി കളയുന്നത്?. ഒന്നോർത്തു നോക്കൂ.. നമ്മുടെ വിശപ്പടക്കി, ശേഷിച്ചവ വലിച്ചെറിയുമ്പോൾ , ഒരു നേരത്തെ വിശപ്പ് അകറ്റാൻ എത്രപേർ കാത്തിരിക്കുന്നുണ്ടാകും?

നമ്മുടെ ശരീരത്തിന്റെ പോഷണത്തിന് ഭൗതിക ഭക്ഷണം ആവശ്യമാണ്. അതു പോലെ തന്നെ നമ്മുടെ ആത്മാവിൻറെ വളർച്ചയ്ക്കുള്ള ഭക്ഷണമാണ് ദൈവവചനം. അത് നാം അലക്ഷ്യമാക്കാതെ.. ദിനംതോറും ഭക്ഷിക്കണം. യിരമ്യാവ് 15 :16 - ൽ നാം ഇങ്ങനെ വായിക്കുന്നു "ഞാൻ നിൻറെ വചനത്തെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു" കൂടാതെ നാം ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുമ്പോൾ നമ്മുടെ കൂട്ടുകാർ വിശന്നിരിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുന്നത് ദൈവസ്നേഹത്തിന്റെ ഒരു പ്രദർശനം കൂടിയാണ്... അപ്പോൾ ഇന്നു തന്നെ നമുക്ക് ഒരു തീരുമാനമെടുക്കാം.. "ഇന്നുമുതൽ ഞാൻ ഭക്ഷണം പാഴാക്കിക്കളയുകയില്ല; അതുപോലെ ദൈവവചനം ദിനംതോറും ഭക്ഷിക്കും.. അഥവാ വായിച്ച് അതനുസരിച്ച് ജീവിക്കും"... എന്ന്...

## ഗുരുഭാഷ്യം

"ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു" (ലൂക്കോസ്:24:46,47)



"He told them, "This is what is written: The Messiah will suffer and rise from the dead on the third day, and repentance for the forgiveness of sins will be preached in his name to all nations, beginning at Jerusalem" (Luke:24:46,47)

# ബൈബിൾ ദൈവിക വെളിപ്പാടുകൾ




## BIBLE
### THE DIVINE REVELATION

ദൈവത്തെ അറിയുവാനും ദൈവത്തെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യുവാനും മനുഷ്യൻ എല്ലാ കാലത്തും ആഗ്രഹിക്കുന്നുണ്ട്. മനുഷ്യന് ലഭ്യമായിട്ടുള്ള അറിവുകൾ ഉപയോഗപ്പെടുത്തി നിരവധി അന്വേഷണങ്ങൾ കാലങ്ങളായി നടത്തിയിട്ടുണ്ട്. ഇന്നും അനേക വകഭേദങ്ങൾ ദൈവസങ്കൽപ്പത്തിന് പ്രചാരത്തിലുണ്ട്. ഇത്തരത്തിലുള്ള കണ്ടെത്തലുകളും നിഗമനങ്ങളുമാണ് മതപരമായ വിശ്വാസധാരകൾക്ക് അടിസ്ഥാനമായിത്തീർന്നത്. ഓരോരോ വിശ്വാസങ്ങളും ദൈവത്തെ വ്യത്യസ്തമായ രീതിയിലാണ് പരിചയപ്പെടുത്തുന്നത്. പരസ്പര വിരുദ്ധമായ സ്വഭാവ-ഗുണവിശേഷങ്ങളാണ് ഓരോ ദൈവസങ്കല്പങ്ങൾക്കും. ഈ ഒരു പ്രശ്നം നമ്മെ ശരിയായ ദൈവത്തിലേക്കുള്ള അന്വേഷണത്തിലേക്ക് നയിക്കുന്ന ആധികാരികമായ ഒരു ഉറവിടത്തെ കണ്ടെത്താൻ പ്രേരിപ്പിക്കുന്നു. അങ്ങനെ ആധികാരികമായ "ദൈവവചനം" എന്ന് വിശേഷിപ്പിക്കുന്ന ഒരു ഗ്രന്ഥമാണ് വിശുദ്ധ ബൈബിൾ.

ദൈവവും മനുഷ്യനുമായ ആശയവിനിമയത്തിന് ദൈവം തന്നെ മുൻകൈയെടുത്തുകൊണ്ടു തന്നെക്കുറിച്ചുതന്നെ നമുക്ക് വെളിപ്പെടുത്തിത്തന്ന വെളിപ്പാടുകളുടെ ഉറവിടമാണ് ബൈബിൾ.

മറഞ്ഞിരിക്കുന്ന ഒരു കാര്യം മറനീക്കി പുറത്ത് കൊണ്ടുവരുന്നതിനെയാണ് വെളിപ്പെടുത്തുക എന്ന് പറയുന്നത്.

ദൈവത്തെക്കുറിച്ചു - ദൈവത്തിന്റെ ആസ്തിക്യം, സ്വഭാവം, പ്രവർത്തന വിധങ്ങൾ ഇത്യാദി - മനുഷ്യൻ അറിഞ്ഞിരിക്കേണ്ട വസ്തുതകളെക്കുറിച്ച് എഴുതിയിരിക്കുന്നതിനാൽ എഴുതപ്പെട്ട ദൈവിക വെളിപാടുകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നു.

ദൈവത്തെക്കുറിച്ച് വിവിധ രൂപത്തിലുള്ള വെളിപാടുകൾ മനുഷ്യന് ഇന്ന് ലഭ്യമാണ്.

## പ്രപഞ്ചം/പ്രകൃതി

ദൈവം ഭൗതിക പ്രപഞ്ചത്തിന് അതീതനായതുകൊണ്ടു ഭൗമീക മണ്ഡലത്തിൽ ജീവിക്കുന്ന മനുഷ്യന് ദൈവത്തെ കാണുവാനോ പൂർണമായി മനസിലാക്കുവാനോ കഴിയുന്നില്ല.

എന്നാൽ ദൈവത്തെക്കുറിച്ച് പ്രാഥമികമായ ചില അറിവുകൾ നമുക്ക് പ്രപഞ്ചത്തിൽ നിന്നും ലഭിക്കുന്നുണ്ട്.

"ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു" (റോമർ 1:19-20)




സൃഷ്ടാവും പരിപാലകനും നിയമദാതാവും ജീവന്റെയും ശക്തിയുടെയും ഉറവിടവും സകലത്തിന്റെയും ആദികാരണവുമായ ഒരു ദൈവത്തിലേക്ക് പ്രപഞ്ചം വിരൽ ചൂണ്ടുന്നു. ദൈവത്തിന്റെ ബുദ്ധിവൈഭവത്തെയും സ്വഭാവത്തെയും പ്രകൃതി വെളിപ്പെടുത്തുന്നു.

സൃഷ്ടിയിലൂടെ ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നു. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു." (സങ്കീർത്തനങ്ങൾ 19:1)

"എങ്കിലും അവൻ നന്മചെയ്കയും ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്കു തരികയും ആഹാരവും സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല." (അപ്പോസ്തല പ്രവർത്തികൾ 14:17). "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നേ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കയും ചെയ്യുന്നുവല്ലോ." (മത്തായി 5:45). പ്രകൃതിയിലൂടെ ലഭിക്കുന്ന നന്മ ദൈവത്തിന്റെ കരുതലും പരിപാലനവും വെളിപ്പെടുത്തുന്നു.

ഈ അറിവുകൾ എല്ലാ മനുഷ്യർക്കും പ്രകൃതിയുടെ വെളിപ്പെടുത്തപ്പെട്ടുകിട്ടുന്നവയാണ്. ഇത് കൂടാതെ ദൈവം താൻതന്നെ മുൻകൈയെടുത്തു മനുഷ്യർക്ക് തന്നെക്കുറിച്ചു വെളിപ്പെടുത്തിയിട്ടുള്ള രണ്ടു പ്രധാന മാർഗ്ഗങ്ങളാണ് യേശുക്രിസ്തുവും ബൈബിളും.

## യേശുക്രിസ്തു - ജഡത്തിലുള്ള വെളിപ്പാട്

അദൃശ്യനും അപരിമേയനുമായ ദൈവത്തെ മനുഷ്യരൂപത്തിൽ വെളിപ്പെടുത്തിയ വ്യക്തിയാണ് യേശുക്രിസ്തു .ദൈവത്വവും മനുഷ്യത്വവും ഒരുപോലെ

യേശുക്രിസ്തുവിൽ സമ്മേളിച്ചിരിക്കുന്നു. ഈ ഗുണങ്ങൾ എല്ലാം പൂർണമായ അളവിൽ യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ സ്വഭാവവും ജ്ഞാനം, സ്നേഹം, കരുണ, വിശുദ്ധി, നീതി തുടങ്ങിയ ഗുണഗണങ്ങളും, ദൈവിക തീരുമാനങ്ങളും പദ്ധതികളും യേശുക്രിസ്തുവിന്റെ വാക്കുകളിലും പ്രവർത്തിയിലും വെളിപ്പെട്ടു.

"ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹന്നാൻ 1:18)

"എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹന്നാൻ 14:9)

"ഞാനും പിതാവും ഒന്നാകുന്നു" (യോഹന്നാൻ 10:30)

**ദൈവത്തെ മനുഷ്യരൂപത്തിൽ യേശുക്രിസ്തു വെളിപ്പെടുത്തി.**

“



## ബൈബിൾ - എഴുതപ്പെട്ട വെളിപ്പാട്

ബൈബിൾ സമ്പൂർണ്ണമായും ദൈവിക വെളിപ്പാടാണ്. പടിപടിയായി പുരോഗമനാത്മകമായി ദൈവം തന്നെ കുറിച്ചുള്ള കാര്യങ്ങൾ മനുഷ്യനോട് അറിയിച്ചുകൊണ്ടിരുന്നു. അതിനായി നിരവധി പ്രവാചകന്മാരെ ദൈവം ഉപയോഗിച്ചു. ഇവരെല്ലാം ദൈവനിയോഗം പ്രാപിച്ചുകൊണ്ടു ദൈവം നൽകിയ പ്രേരണയ്ക്ക് അനുസരിച്ചു അവ എഴുതിവെച്ചു. അതുകൊണ്ട് ബൈബിളിനെ ദൈവവചനം എന്ന് വിളിക്കുന്നു. ഇങ്ങനെ ദൈവവചനം രേഖപ്പെടുത്തുന്നതിന് മനുഷ്യർക്ക് ലഭിച്ച ദൈവിക പ്രേരണയ്ക്കും നിയന്ത്രണത്തിനും ദൈവനിശ്വസ്തത എന്ന് പറയുന്നു. എന്ത് എഴുതണം എന്നും ഏതുരീതിയിൽ എഴുതണം എന്നും എല്ലാം ദൈവം തന്നെ പ്രേരണ നൽകുകയും എഴുത്തുകാരുടെ മനസിനെ നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് ആദ്യം മുതൽ അവസാനംവരെയുള്ള പുസ്തകങ്ങളുടെ രചനയ്ക്ക് പിന്നിൽ പ്രവർത്തിച്ച ദൈവത്തിന്റെ ആത്മാവിന്റെ വ്യാപാരം ബൈബിൾ ആധികാരികമായ ദൈവവചനമാണ് എന്നതിനെ ഉറപ്പിക്കുന്നു.

"ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർമുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു" (എബ്രായർ 1:1).

“എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ” (2തിമൊ, 3:16).

"തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞു കൊള്ളേണം. 21 പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ." ( 2 പത്രോസ് 1:20-21)




ബൈബിളിലെ പുസ്തകങ്ങൾ എല്ലാം തന്നെ ദൈവം നേരിട്ട് സംസാരിച്ച വെളിപ്പാടുകളാണ്, ആ അർത്ഥത്തിൽ ദൈവശ്വാസീയ തിരുവെഴുത്തുകൾ എന്ന് വിളിക്കുന്നു.

# കുട്ടികൾ അന്തർമുഖരാണോ?

## സമൂഹവുമായി ഇടപെടാൻ പരിശീലിപ്പിക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കൂ..

കുട്ടികളുടെ പെരുമാറ്റവും സ്വഭാവത്തിലെ പ്രത്യേകതകളും മാതാപിതാക്കളോളം മനസ്സിലാക്കാനും അഡ്ജസ്റ്റ് ചെയ്യാനും മറ്റുള്ളവർക്ക് സാധിക്കണമെന്നില്ല.സുഹൃത്തുക്കളെ ഉണ്ടാക്കാനും പൊതുസമൂഹവുമായി ഇടപെടാനും മടിയുള്ള അന്തർമുഖരായ കുട്ടികളാണെങ്കിൽ പ്രത്യേക ശ്രദ്ധ തന്നെ വേണം. കുട്ടിയുടെ ഈ വ്യക്തിത്വത്തെ അംഗീകരിച്ചുകൊണ്ടുതന്നെയാവണം അവർക്ക് പിന്തുണയും പ്രോത്സാഹനവും നൽകേണ്ടത് അത്തരത്തിൽ അന്തർമുഖരായ കുട്ടികളെ മുൻപോട്ടു കൊണ്ടുവരാൻ മാതാപിതാക്കൾക്ക് ചെയ്യാനാവുന്ന ചില കാര്യങ്ങൾ നോക്കാം.

കുട്ടിയുടെ സ്വഭാവത്തിലെ പ്രത്യേകതകൾ മനസ്സിലാക്കിയാൽ അതിന് യോജിച്ച സ്കൂൾ തിരഞ്ഞെടുക്കുക എന്നത്പരമപ്രധാനമാണ്. അനാവശ്യ സമ്മർദ്ദങ്ങൾ ചെലുത്തി കുട്ടിയിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന സ്കൂളുകൾ ഒഴിവാക്കുക. തുറന്ന് ഇടപെടുന്നത് പോലെ തന്നെ സ്വാഭാവികമായ ഒന്നാണ് ഒതുങ്ങിക്കൂടുന്ന സ്വഭാവവും എന്ന തിരിച്ചറിവ് മാതാപിതാക്കളിൽ ആദ്യം ഉണ്ടാവണം. മറ്റുള്ളവരുമായി ബന്ധങ്ങൾ സ്ഥാപിക്കാൻ അല്പം കാലതാമസം എടുക്കും എന്നതിലപ്പുറം മറ്റൊരു വ്യത്യാസവും ഈ കുട്ടികൾക്കില്ല. സമയം നൽകുകയും ഏതു കാര്യത്തിനും നിങ്ങൾ ഒപ്പമുണ്ടെന്ന ആത്മവിശ്വാസം വളർത്തുകയും ചെയ്യുക.

ചുറ്റുമുള്ളവരുമായി ചേർന്നു പോകാൻ തനിക്കാവില്ല എന്ന തോന്നലാകും അന്തർമുഖരായ കുട്ടികൾ നേരിടുന്ന പ്രധാന വെല്ലുവിളി. മറ്റുള്ളവർ ഇതിനെ എങ്ങനെ കാണും എന്ന ചിന്ത വച്ചുപുലർത്താതെ കുട്ടികൾക്കുള്ള സവിശേഷമായ കഴിവു കണ്ടെത്തി അതിന് പ്രാധാന്യം നൽകി തുടങ്ങുക. താല്പര്യമുള്ള മേഖലകളിൽ വ്യാപൃതരാകാൻ പ്രോത്സാഹനം നൽകുകയാണ്. താല്പര്യമുള്ള മേഖലകളിൽ വ്യാപൃതരാകാൻ പ്രോത്സാഹനം നൽകുകയാണ് വേണ്ടത്. ഉദാഹരണത്തിന് സുഹൃത്തുക്കളെ ഉണ്ടാക്കാൻ മടിയുണ്ടെങ്കിലും വായനയിൽ പ്രത്യേക താല്പര്യമുണ്ടെങ്കിൽ റീഡിങ് ക്ലബിലോ ലൈബ്രറി ഗ്രൂപ്പുകളിലോ ചേരാൻ കുട്ടിക്ക് പ്രോത്സാഹനം നൽകാം. ഒരേ താല്പര്യമുള്ള ആളുകളെ പരിചയപ്പെടുന്നത് വഴി സുഹൃത് വലയങ്ങൾ ഉണ്ടാക്കാനും വ്യക്തിത്വ വികാസത്തിനും ഇത് സഹായിക്കും.

ഒറ്റയടിക്ക് കുട്ടിയുടെ സ്വഭാവം മാറ്റാമെന്ന ചിന്തയും ഉണ്ടാവരുത്. സമയമെടുത്ത് ഘട്ടം ഘട്ടമായി വ്യത്യസ്ത സാഹചര്യങ്ങൾ കുട്ടിക്ക് പരിചയപ്പെടുത്തുക. അതായത് 100 പേർ പങ്കെടുക്കുന്ന ഒരു പാർട്ടിയിലേക്ക് നിർബന്ധിച്ചു കൊണ്ടുപോയി അവരുമായി ഇടപഴകുന്നത് വിപരീതഫലമാവും ഉണ്ടാക്കുക. എന്നാൽ മറിച്ച് കുട്ടിക്ക് ബുദ്ധിമുട്ടുണ്ടാവില്ല എന്ന് ഉറപ്പുള്ള ചെറിയ ഗ്രൂപ്പുമായി ഇടപഴകാനുള്ള അവസരങ്ങൾ ആദ്യം ഒരുക്കുക. അതേപോലെ ഏതെങ്കിലും കുട്ടികളെ കാണിച്ച് അവരുമായി സൗഹൃദം സ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തരുത്. സൗഹൃദങ്ങളിൽ സ്വന്തമായ വഴി കണ്ടെത്താൻ പ്രേരിപ്പിക്കുകയാണ് ഉചിതം.

മറ്റുള്ളവരുടെ മുമ്പിൽ വെച്ച് ഇവന്/ഇവൾക്ക് സംസാരിക്കാൻ നാണമാണെന്നും മടിയാണെന്നും തരത്തിലുള്ള സംസാരങ്ങൾ ഒഴിവാക്കുക. ഇത് കേട്ട്

» 23

# "To Vouchsafe"



Godsy Saju

The essentialness in my spirit
Is to indite the substance not
Embedded in me howbeit
To vouchsafe His unmerited favour

I am bosomed to this solace
Earlier than my nativity
His senses tasted me all the time
A True bond escorted by
The undeserved favour and faith

No pen parted with the intense
Emotion heretofore
The entirety of this sensitivity be
Established in Him who divorced his
Soul to compose this wicked as his
Bride arrayed in fine linen
In love and blood it is finished.

Mortals ne'er discover a theme
Of this degree, not on your life
Outside the range of all consciousness
This is the nub thou turn blind eye to

Yet in this embodiment I rest
In His favour, the unworthy donation
Far and wide it is the credence

# You are a Satellite



Merlyn Mathew

Even though many have forgotten Chandrayaan-1, even a 4-year-old Indian child will know Chandrayaan-3. It was launched from Satish Dhawan Space Centre on 14 July 2023 as the third mission of a series of lunar-exploration missions developed by the Indian Space Research Organisation (ISRO). When the spacecraft entered lunar orbit on 5 August 2023, and the lander touched the lunar south polar region on 23 August 2023, it made India the fourth country to successfully land on the Moon, and the first to do so near the region of the lunar south pole. Chandrayaan 3 was not just shot up without a purpose. The mission has clear objectives. The major one being “Conducting and observing experiments on the materials available on the lunar surface to better understand the composition of the Moon”.

As Children of God, we are purposely placed on earth in different places to fulfil the mission that God has purposed for each life. You are not here by mistake! Remember the happiness of the scientists when Chandrayaan-3 left successfully from earth and smoothly soft-landed on the moon? Imagine the same kind of excitement in heaven!! Or even more!! Luke 15: 10 says, “Likewise, I say unto you, there is joy in the presence of the angels of God over one sinner that repenteth.”

We are on the earth with a mission. And that is to fulfill God's Will in our lives. To be lightbearers for the Saviour, separated from the World for God's glory. We ought to be the salt, spreading the love of Christ to all around. We are ambassadors of Christ. Nothing on earth should keep you away from the mission. Your life , in all its fullness, is for fulfilling the Creator's vision.

Chandrayaan 3 is robotic. It does not have its own free will. Our Creator does not force his Will on us. He has given us freedom. Dear friend, how often do we misuse that? We feel that everything is in our control. But it actually isn’t, which

we realize at times when we are not well, and then forget soon after. With every organ we ought to glorify God. According to 1 Corinthians 6: 19-20, “do you not know that your body is the temple of the Holy Spirit who is in you, whom you have from God, and you are not your own? 20 For you were bought at a price; therefore glorify God in your body and in your spirit, which are God’s.”

It is easy to live on earth along with the flow. Its tougher to stand strong against the flow. As ambassadors of the living God, we must strive to live as Christians strongly against compromises. Our worldly friends may chose to dance to the tune of the trending music or may be addicted to Korean dramas and Online entertainment. There may be friends who urge you to believe that your faith is unreasonably strict when it comes to relationships out of God’s ways. Its not wrong to have friends. Let’s have friends, lets pray for them, lets show them the truth rather than sliding away from it. Whenever we are faced with confusion, think whether it will make sense in eternity.

“Therefore do not be unwise, but understand what the will of the Lord is.” (Ephesians 5 17)

Now you are home away from your actual home like a satellite sent on a mission. Do not try to do everything else and forget the mission. Ticking all the items in our own bucketlist must not be our ultimate aim. Traveling all over the world, covering all the continents, tasting different food from different places, gaining doctorates are all amazing and what the world offers as best. But is that the legacy you want to leave behind?

We love making memories on earth. The tagline today is “Life is short, make memories while it lasts”. That is why we are capturing every memory with selfies and pictures, so that we can enjoy them in future. It’s amazing and there’s nothing wrong in doing so. But have you ever thought about it - we can’t carry our mobile phones or cameras to heaven. Remember to make memories that last longer than your life and extends beyond the earth."

## » 20 കുട്ടികൾ അന്തർമുഖരാണോ?

കുട്ടിക്ക് മാറ്റം വരട്ടെ എന്ന് കരുതിയാവും ചിലരെങ്കിലും ഇത്തരം സംഭാഷണങ്ങൾക്ക് മുതിരുന്നത്. എന്നാൽ ഇത് ഗുണത്തേക്കാളുപരി ഏറെ ദോഷം ചെയ്യും. കുട്ടിക്ക് ഏറ്റവും അടുത്ത സുഹൃത്താവാൻ മാതാപിതാക്കൾക്ക് സാധിക്കണം. അങ്ങനെയെങ്കിൽ ഏതു കാര്യവും മാനസിക വിഷമങ്ങളും അവർ നിങ്ങളോടു തന്നെ തുറന്നു പറയും.

സ്വയം മുന്നോട്ടു വരാനായി കുട്ടിയെടുക്കുന്ന ചെറിയ ചുവടുകൾക്ക് പോലും മനസ്സു തുറന്ന് അഭിനന്ദിക്കേണ്ടത് അത്യാവശ്യമാണ്. അവരുടെ ഓരോ ചുവടുവെയ്പ്പിലും നിങ്ങൾ അഭിമാനിക്കുന്നുണ്ടെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക. കൂടുതൽ ആത്മവിശ്വാസത്തോടെ കാര്യങ്ങൾ ചെയ്യാനും മനസ്സിലെ ഭയാശങ്കകൾ ഒഴിവാക്കുവാനും ഈ പ്രോത്സാഹനം സഹായിക്കും.

കടപ്പാട് : മനോരമ ഓൺലൈൻ







ബെത്ലഹേമിലേക്ക് യാത്രികർക്ക് വഴികാട്ടിയായിത്തീർന്ന അത്ഭുതതാരവും ദൈവത്തിങ്കലേക്കു വഴികാട്ടുവാൻ മനുഷ്യനായി വന്ന സ്വർഗീയതാരമായ യേശുക്രിസ്തുവും. ഗാനം കേൾക്കാൻ ക്ലിക്ക് ചെയ്യുക..

To read, listen, share & download, visit: www.sodari.in

Kristheeya Sodari
spread the fragrance!